LITERATURE STUDIES

# ദുബായ് കത്ത് പാട്ടും ജനപ്രിയതയും
## എസ്. എ. ജമീലിന്റെ ദുബായ് കത്ത് പാട്ടിനെ മുൻനിർത്തി ഒരു വിചാരം

**ഡോ. സഞ്ജയ കുമാർ. എസ്.**
അസോസിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം
ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്,
നിലമ്പൂർ
Email: maraku.sanju@gmail.com

**സംഗ്രഹം**

കത്ത് പാട്ടുകൾ മാപ്പിളപ്പാട്ടിലെ ഒരു പ്രധാന വിഭാഗമാണ്. സന്ദേശം പാട്ടിലൂടെ കൈമാറുക എന്ന ദൗത്യമാണ് കത്ത് പാട്ടുകൾ നിർവഹിക്കുന്നത്. മാപ്പിളപ്പാട്ടിന്റെ ജനകീയമായ വഴിതന്നെയാണ് കത്ത് പാട്ടുകളിലും കാണുന്നത്. വ്യക്തിപരമായ വിഷയങ്ങളാണ് കത്ത് പാട്ടുകളിലെ പ്രമേയങ്ങളായി വരുന്നത്. പുലിക്കോട്ടിൽ ഹൈദർ എഴുതിയ മറിയക്കുട്ടിയുടെ കത്ത് പാട്ട് മലബാർ സമരത്തിന്റെ ഓർമകൾ പങ്കുവയ്ക്കുന്നതാണ്. ബെല്ലാരിജയിലിൽ കിടക്കുന്ന തന്റെ ഭർത്താവിനോടുള്ള മറിയക്കുട്ടിയുടെ ഭാഷണമായിട്ടാണ് കവി ഇത് ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക കാലത്ത് ഏറ്റവുമധികം ജനകീയാംഗീകാരം നേടിയ പാട്ടാണ് എസ്.എ ജമീലിന്റെ ദുബായ് കത്ത് പാട്ട്. ഗൾഫ് പ്രവാസിയായ ഭർത്താവിന് ഭാര്യയെഴുതുന്ന സങ്കടങ്ങളും ഭർത്താവിന്റെ മറുപടിയുമാണ് ഇതിലെ പ്രമേയം. കേരളത്തിലെ പ്രത്യേകിച്ച് നിത്യജീവിതവും പങ്കപ്പാടുകളും ആവലാതികളും സങ്കടമൊക്കെ കലർന്ന ദുബായ് കത്ത് പാട്ടിന്റെ സവിശേഷതകളാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്. ചരിത്രപരമായ ഒരു ദൗത്യമാണ് എസ്.എ ജമീൽ ദുബായ് കത്ത് പാട്ടിലൂടെ നിർവഹിക്കുന്നത്. താനൊറ്റപ്പെട്ടതിന്റെ ദുഃഖവും ഒറ്റയ്ക്ക് വീട്ടുകാര്യങ്ങൾ നിറവേറ്റതിന്റെ ഉത്തരവാദിത്തവും ഒരുമിച്ചുണ്ടായിരുന്ന കാലത്തെ ഓർമ്മകളും ഭാര്യ പങ്കുവയ്ക്കുന്നു. മറുപടിയായി ഭർത്താവ് ഭാര്യയേയും വീടും നാടും പിരിഞ്ഞതിന്റെ വേദനയും മരുഭൂമിയിലെ കഷ്ടപ്പാടുകൾ നിറഞ്ഞ ജീവിതത്തിന്റെ വിരസതയും പ്രവാസികളുടെ ജീവിത വേദനകളും തീവ്രതയോടെ ആവിഷ്കരിച്ച കത്ത് പാട്ട് ജനകീയതയ്ക്ക് പുതിയ മാനം സൃഷ്ടിച്ചു.

**താക്കോൽവാക്കുകൾ:** സന്ദേശകവിതാ സാഹിത്യം, മാപ്പിളപ്പാട്ട്, കത്ത് പാട്ട്, ജനപ്രിയത, ജനപ്രിയസംസ്കാരം, പ്രവാസം

ഖത് എന്ന അറബി വാക്കിൽ നിന്നു മലയാളത്തിൽ വന്നു ചേർന്ന ഒരു വാക്കാണ് കത്ത്. ഖത്ത് എന്നു പറഞ്ഞു പറഞ്ഞാണ് ഖത്തും കത്തുമായി മാറിയത്. ഖത് എന്നാൽ എഴുത്ത്, രേഖ, ലക്ഷ്യം എന്നൊക്കെയാണ്. സന്ദേശമെന്ന ഒരു സാഹിത്യരൂപത്തിന് സംസ്കൃത സാഹിത്യത്തിലാണ് ആദ്യമാതൃക നാം കണ്ടെത്തുന്നത്. പിന്നീട് സന്ദേശകാവ്യം എന്ന സാഹിത്യരൂപമായി അത് വളർന്നു. ഋഗ്വേദത്തിൽ അർച്ചാനസ് എന്ന ഋഷിയുടെ പുത്രനായ ശ്വാവാശ്വൻ രാത്രിയെ ദൂതിയാക്കുന്ന ഒരു സന്ദർഭം വിവരിച്ചിട്ടുണ്ട്,[1] ഇതാണ് സന്ദേശസാഹിത്യത്തിന്റെ ആദ്യാങ്കുരം. രാമായണത്തിലും മഹാഭാരതത്തിലും നായികാനായകന്മാരുടെ വിരഹവും സന്ദേശമയയ്ക്കുന്ന സന്ദർഭങ്ങളുമുണ്ട്. കാളിദാസൻ മേഘസന്ദേശമാണ് എല്ലാ സന്ദേശകാവ്യങ്ങൾക്കും ആദ്യ മാതൃകയെങ്കിലും പിന്നീട് ഈ സാഹിത്യരൂപത്തിന് വലിയ മാറ്റം സംഭവിക്കുന്നുണ്ട്. മലയാളത്തിൽ മണിപ്രവാള സാഹിത്യത്തിൽ ഉണ്ണുനീലിസന്ദേശവും കോകസന്ദേശവും ശുകസന്ദേശവുമൊക്കെ നമ്മുടെ ഈ സാഹിത്യ ശാഖയെ സമ്പന്നമാക്കിയിട്ടുണ്ട്. നിയോ ക്ലാസിക് മലയാളത്തിൽ കേരള വർമയുടെ മയൂരസന്ദേശത്തിന് ലഭിച്ച പ്രാധാന്യം വിലയിരുത്തപ്പെട്ടിട്ടുണ്ട്.

വിരഹവും അതുമൂലമുണ്ടാകുന്ന വേർപിരിയലും എന്നും പ്രസക്തമാണ്. സന്ദേശകാവ്യങ്ങൾ എന്ന സാഹിത്യ ശാഖ രൂപപ്പെട്ടതിനു കാരണമിതാണ്. കാലാതീതമായി വർത്തിക്കുന്ന മനുഷ്യജീവിതത്തിന്റെ ഏറെ വികാരപരമായ ഒരു വശമാണ് സന്ദേശകാവ്യങ്ങളിൽ രേഖപ്പെടുത്തുന്നത്. വിരഹവും വേർപിരിയലും അത് സൃഷ്ടിക്കുന്ന സംഘർഷങ്ങളും മാപ്പിളപ്പാട്ട് സാഹിത്യത്തിൽ കത്തു പാട്ടുകളിലാണ് കാണുന്നത്.[2] മോയിൻകുട്ടി വൈദ്യരുടെ കാലത്ത് ഇങ്ങനെ അനേകം പ്രേമഗാനങ്ങൾ കത്തു പാട്ടുകളായി എഴുതപ്പെട്ടിട്ടുണ്ട്. വൈദ്യരെഴുതിയതായി പറയപ്പെടുന്ന മുത്തു നവരത്ന മുഖം.... കഞ്ചകപ്പൂമോളേ (ഇശൽ പോയി മാൻ) എന്ന പാട്ട് വളരെ ജനകീയമായ ഒന്നാണ്. മോയിൻകുട്ടി വൈദ്യരുടെ പുത്രൻ അഹമ്മദ്കുട്ടി വൈദ്യരും ധാരാളം കത്തു പാട്ടുകളും പ്രണയഗാനങ്ങളും രചിച്ചിട്ടുണ്ട്. കൂടാതെ നല്ലളം ബീരാൻ, പുലിക്കോട്ടിൽ ഹൈദർ, മുണ്ടമ്പ്ര ഉണ്ണി മമ്മദ്, നെച്ചിമണ്ണിൽ കുഞ്ഞിക്കമ്മു മാസ്റ്റർ, തോട്ടപ്പാളി കുഞ്ഞലവി മാസ്റ്റർ, മമ്പാട് ഉണ്ണീപ്പ, എറഞ്ഞാലി മമ്മദ്, ലാഹാജി, കുഞ്ഞാവ വൈദ്യർ, കമ്മൂട്ടി മരയ്ക്കാർ, പി.ടി ബീരാൻ കുട്ടി മൗലവി, തോട്ടോളി മുഹമ്മദ്, വാഴപ്പള്ളി മുഹമ്മദ്, കുറ്റിപ്പാലാൻ അഹമ്മദ്കുട്ടി, ഓടായിപ്പുറം ചേക്കുട്ടി, എസ്.എം കോയ എന്നിവരെല്ലാം കത്ത് പാട്ടെഴുത്തിൽ പ്രശസ്തരായിരുന്നു.[3]

കത്ത് പാട്ടുകളിൽ ആ കാലത്ത് പ്രശസ്തമായ കൃതി മറിയക്കുട്ടിയുടെ കത്ത് ആണ്. മലബാർ ലഹളക്കാലത്ത് നിരവധി യുവാക്കളെ ബല്ലാരിയിലും കണ്ണൂരിലുമുള്ള ജയിലുകളിൽ അടച്ചു. കിഴക്കനേറനാട്ടിലെ ഹസ്സൻകുട്ടി എന്നൊരു ചെറുപ്പക്കാരനെ ബല്ലാരി ജയിലിലടച്ചിരുന്നു. അയാളുടെ ഭാര്യയെക്കുറിച്ച് നാട്ടിലുള്ള വിരോധികളായ ചിലർ അപവാദങ്ങൾ ആരോപിച്ച് ജയിലിലേക്ക് കത്തയച്ചു. ഈ വിവരം അറിഞ്ഞ ഹസ്സൻകുട്ടി ഇത് വിശ്വസിച്ചു. ഭാര്യയുടെ ഉമ്മായ്ക്ക് മറിയക്കുട്ടിയെ ത്വലാഖ് (വിവാഹമോചനം) ചെയ്തുകൊണ്ട് ഒരു കത്തെഴുതി. ഈ കത്ത് വായിച്ച് മനസ്സ് വിങ്ങിപ്പൊട്ടിയ മറിയക്കുട്ടി തന്റെ പരിചയക്കാരനും കവിയുമായ പുലിക്കോട്ടിൽ ഹൈദറിന്റെ മുമ്പിൽ ചെന്ന് പൊട്ടിക്കരഞ്ഞ് തന്റെ ഭർത്താവിന് തന്നോടു വന്നു ചേർന്ന സംശയങ്ങൾ തീർക്കാൻ സഹായം അഭ്യർത്ഥിച്ചു. ഈ സങ്കടത്തിൽ നിന്ന് തന്നെ കരകയറ്റുന്നതിൽ തന്റെ പുയ്യാപ്ളയ്ക്ക് വാസ്തവം മനസ്സിലാക്കുന്നതിന്ന് ഒരു കത്ത് പാട്ട് എഴു

തിത്തരണമെന്ന് ആവശ്യപ്പെട്ടു. കവി പാട്ട് എഴുതിക്കൊടുത്തു. അത് വായിച്ച് വാസ്തവം അറിഞ്ഞ് ഹസൻകുട്ടി ഭാര്യയെ സ്വീകരിച്ചു എന്നാണ് പറയുന്നത്. ഈ കത്ത് പാട്ടാണ് മറിയക്കുട്ടിയുടെ കത്ത് എന്ന രീതിയിൽ പ്രചരിക്കുന്നത്.

ആമിനയുടെ കത്ത് എന്ന കൃതി വാമൊഴിയിൽ മാത്രം പ്രചരിക്കുന്ന ഒന്നാണ്. ബല്ലാരി ജയിലിൽ നിന്ന് വിമുക്തനായ കിഴക്കനേറനാട്ടിലെ പുതിയറമ്പത്ത് അഹമ്മദ് കുട്ടി തന്റെ പരിചയക്കാരിയായ ആമിനയോട് വിവാഹാഭ്യർത്ഥന നടത്തുന്നതും ആ അഭ്യർത്ഥന നിരസിച്ചുകൊണ്ട് പരമപുച്ഛത്തോടെ അഹമ്മദ് കുട്ടിയ്ക്ക് ആമിന ഒരു കത്ത് പാട്ട് അയച്ചു കൊടുക്കുന്നു. ഈ കത്തിന് അഹമ്മദ് കുട്ടി മറുപടി അയയ്ക്കുന്നുമുണ്ട്. ഇത് രണ്ടും വാമൊഴിയായി ഇന്നും സൂക്ഷിക്കുന്നു.

പി.ടി. ബീരാൻ കുട്ടി മൗലവി എഴുതിയ ഹജ്ജ് യാത്ര എന്ന കത്തു പാട്ടിൽ ബീരാൻ കുട്ടി മൗലവിയും പുലിക്കോട്ടിൽ ഹൈദറും തമ്മിൽ നടത്തിയ കത്തിടപാടുകളാണ് പ്രമേയം. മാപ്പിളപ്പാട്ടിലെ സമ്പുഷ്ടമായ ശാഖയായ കത്തു പാട്ടുകളിൽ ആധുനിക കാലത്തു ജനപ്രിയത കൊണ്ടും വൈകാരികത കൊണ്ടും എഴുതപ്പെട്ട എസ്.എ ജമീലിന്റെ ദുബായ് കത്തുപാട്ട് വിശദമായി പരിശോധിക്കുകയാണിവിടെ. മലയാളിയുടെ ഗൾഫ് പ്രവാസ ചരിത്രത്തിനോടു ചേർത്ത് വച്ചാണ് ഈ കൃതിയെ വിശകലനം ചെയ്യേണ്ടത്.

**ദുബായ് കത്തു പാട്ടിന്റെ ചരിത്ര പശ്ചാത്തലം:**

ഗൾഫിലേക്കുള്ള മലയാളിയുടെ പുറപ്പാടു കാലം 1960 കളുടെ അവസാനകാലത്തോടെ ആരംഭിക്കുന്നതായിപ്പറയാം. കഴിഞ്ഞനൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ കേരളീയ ഗ്രാമങ്ങളിൽ നിന്നും വിരഹിണികളായ സ്ത്രീകൾ മരുഭൂമിയിലേക്കയച്ച കത്തുകൾ സമാഹരിക്കപ്പെടുകയാണെങ്കിൽ മലയാളത്തിലെഴുതപ്പെട്ട ഏറ്റവും സമ്പന്നമായ സാഹിത്യ സൃഷ്ടി അതായിരിക്കും. അക്ഷരത്തെറ്റുകളും വ്യാകരണപ്പിശകുകളും നിറഞ്ഞ ആ ബൃഹദ് സാഹിത്യം കേരളത്തിന്റെ സമകാലിക ചരിത്രമായിരിക്കും എന്ന് ബാബു ഭരദ്വാജ് അഭിപ്രായപ്പെടുന്നുണ്ട്.[4] ഭരദ്വാജ്, തൊഴിൽതേടി മരുഭൂമിയിലേക്കു പോയ ഭർത്താവും നാട്ടിൽ വീട് ചുമലേറ്റുന്ന ഭാര്യയും അവൾ പോറ്റിവളർത്തുന്ന കുഞ്ഞുങ്ങളും വിവാഹിതരായിട്ടും കുടുംബത്തെ പോറ്റാൻ ബാച്ചിലർ ജീവിതം നയിക്കുന്ന മനുഷ്യരുടെ പൊള്ളുന്ന കഥകളാണ് ഗൾഫ് പ്രവാസത്തിന്റെ ചരിത്രം. ഭാര്യയും ഭർത്താവും ഒരു പോലെ അനുഭവിച്ച ഈ മാനസികപ്രശ്നം ഗൾഫ് സിൻഡ്രോം എന്ന രീതിയിൽ മനഃശാസ്ത്ര അപഗ്രഥനത്തിന് വിധേയമായിട്ടുണ്ട്. പക്ഷെ ആഴത്തിലുള്ള പഠനം ഈ മേഖലയിൽ നടന്നിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് 1977ൽ എസ്.എ ജമീൽ എഴുതിയ ദുബായ് കത്ത് പാട്ട് സൂക്ഷ്മമായി പഠിക്കപ്പെടേണ്ടത്. ദുബായ്പാട്ടിൽ ദരിദ്രരും പ്രവാസികളുമായ മുഴുവൻ മലയാളി പുരുഷന്റെയും സ്ത്രീയുടേയും സങ്കടങ്ങളാണ് ഇരമ്പിമറിയുന്നത്. ഇപ്പോൾ സാങ്കേതിക വിദ്യകളും വാർത്താവിനിമയ മാർഗ്ഗങ്ങളും ഏറെ വളർന്നെങ്കിലും കത്തുപാട്ട് ഇന്നും കണ്ണിനെ ആർദ്രമാക്കി മനസ്സുകളിൽ മനുഷ്യബന്ധത്തിന്റെ പുതിയ ഭൂമിയും ആകാശവും സൃഷ്ടിച്ചുകൊണ്ട് ഇപ്പോഴും പാടിക്കൊണ്ടേയിരിക്കുകയാണ്.[5]

ദുബായ് കത്ത് കേരളത്തിന്റെ ഗൾഫ് ചരിത്രത്തിന്റെ ചോരയാണ് എന്ന കെ.ഇ.എൻ ന്റെ അഭിപ്രായം അക്ഷരാർത്ഥത്തിൽ ശരിയാണ്.[6] കേരളത്തിന്റെ ആധുനിക പ്രവാസ മഹാ

ഗീതമെന്നും പച്ചയായ മലയാളത്തിന്റെ ഏകസന്ദേശകാവ്യമെന്നും കെ.ഇ.എൻ ഈ കൃതിയെ വിശേഷിപ്പിക്കുന്നു.

ദുബായ് കത്ത് പാട്ട് എസ്.എ. ജമീൽ എഴുതുന്നത് 1977 ലാണ് ആദ്യമായി താൻ വിദേശയാത്ര പോയപ്പോഴാണ് അതിന്റെ തലേന്നാൾ താൻ കുത്തിക്കുറിച്ച പാട്ടാണ് സ്വദേശത്തും വിദേശത്തും ഏറെ പ്രശസ്തി നൽകിയ ഈ പാട്ട്. മാപ്പിളപ്പാട്ടിന്റെ ചരിത്രത്തിൽ ഏറ്റവും ജനപ്രിയമായിത്തീർന്ന ഒന്നായിത്തീർന്നു ദുബായ് കത്ത്. ലാളിത്യംകൊണ്ടും സത്യസന്ധമായ ആവിഷ്കാരംകൊണ്ടും നാട്ടിലുള്ള ഭാര്യമാർ ഗൾഫിലുള്ള ഭർത്താക്കന്മാർക്ക് കൊടുത്തയച്ച വികാരതീവ്രമായ കത്തായി ആത്മനിഷ്ഠവും വാസ്തവബന്ധവുമായ ആ പാട്ടുകൾ താദാത്മീകരിക്കപ്പെട്ടു ഗൾഫ് മലയാളി.

എത്രയും ബഹുമാനപ്പെട്ട എന്റെ പ്രിയ ഭർത്താവ് വായിക്കുവാൻ സ്വന്തം ഭാര്യ... എന്നു തുടങ്ങുന്ന പാട്ട് ഗൾഫുകാരായ യുവാക്കളുടെ വികാരവിക്ഷോഭങ്ങൾ തൊട്ടറിയുന്നവയായിരുന്നു. മറുപടിയും തീക്ഷ്ണമായിരുന്നു.

അബുദാബിയിലുള്ളൊരെഴുത്തുപെട്ടി
അതു തുറന്നപ്പോൾ
കത്തു കിട്ടി
എൻ പ്രിയേ നീ നിന്റെ
ഹൃദയം പൊട്ടി
എഴുതിയ കത്തുഞാൻ
കണ്ടു ഞെട്ടി.

പ്രണയത്തിന്റെയും വിരഹത്തിന്റെയും താദാത്മീകരണത്തിന്റെയും തീവ്രത ദുബായ് കത്തിനെ വ്യത്യസ്തമാക്കുന്നു. ജീവിതപ്രാരബ്ധങ്ങളിൽ മുങ്ങിക്കുളിച്ച് ഗൾഫിലേക്ക് തൊഴിൽ തേടിപ്പോയ അനേക മനസ്സുകളുടെ നേർവികാരങ്ങളെ യാഥാർത്ഥ്യത്തോടെ അവതരിപ്പിക്കപ്പെട്ടു. മണൽക്കാടുകളിൽ സ്നേഹത്തിന്റെ കുരിശുകൾ പേറി നടക്കുന്ന യുവാക്കളുടെ മാനസിക ഘടനയിൽ ഉണ്ടായ അതിസൂക്ഷ്മമായ വികാരഭാവംകൂടി ഈ കത്ത് പ്രകാശിപ്പിക്കുന്നു.[7]

### ജനപ്രിയതയും ആവിഷ്കാരവും

ഭർത്താവ് ഭാര്യയുടെ ദുഃഖങ്ങൾ മുഴുവൻ കാണുന്നു. അത് സ്വന്തം അനുഭവമായി താദാത്മീകരിക്കുന്നു. ഇതാണ് കാവ്യഘടന. ഭാര്യമാരുടെ ഹൃദയം അതിൽ പൊടിയുന്ന ചോരയുടെ നിറം ഈ പാട്ടിൽ പടർന്നുകിടന്നു. ദാരിദ്ര്യം മാറുന്നതിനും മികച്ച ഒരു ഭാവി തങ്ങൾക്കുണ്ടാകുന്നതിനും വേണ്ടി മണലാരണ്യത്തിൽ പണിയെടുക്കുന്ന പ്രിയതമനോട് അവൾ പറയുന്നത് ...

പൊന്നും മുതലും
പണ്ടം പണം പങ്കീസും
ഫോറിൻ സാരികളണിഞ്ഞുള്ള
പത്രാസും

നാലു പേർ കാണ
നടിക്കുന്ന നാമൂസും
നാട്ടിൽ ഏറ്റവും വലിയ
വീടിന്റെ അന്തസ്സും
ഇതൊക്കെ ഉണ്ടെങ്കിലും
ഉണ്ടെനിക്ക് സകലം
എല്ലാം എല്ലാം
ഉണ്ടായിട്ടെന്തു ഫലം
അനാഥമായ്
ഇണ തുണയറ്റ
ഗുണമണമുള്ള
പൊൻ മലരായ് വിരിഞ്ഞ
വിരഹത്തിൻ
വെണ്ണീറായ് വെന്തെരിഞ്ഞ

തന്റെ ജീവിതത്തിന്റെ നിലവാരമെല്ലാം ഉയർന്നുവെന്നതു ശരി തന്നെ, പക്ഷെ അനാഥമാണ് തന്റെ ജീവിതം. ഇണ തുണയറ്റ വിരഹത്തിൻ വെണ്ണീറായിരിക്കുന്നു. രണ്ടോ മൂന്നോ നാലൊവർഷം കൂടി വരുന്ന പ്രിയതമനോടൊത്തൊരു ജീവിതം അവൾക്ക് വലിയ പൂതിയായി അവശേഷിക്കുന്നു. എന്നിട്ട് പറയുന്നത് നോക്കുക

അറബിപ്പൊൻവിളയും
മരുമണൽ കാട്ടില്
അകലെയബുദാബി
ഗൾഫിന്റെ നാട്ടില്
അദ്ധ്വാനിക്കും നിങ്ങൾ
സൂര്യന്റെ ചോട്ടില്
അനുഭവിക്കാൻ ഞാനും
കുട്ടിയും വീട്ടില്
ഞാനൊന്നു ചോദിക്കുന്നു
ഈ കോലത്തിൽ
എന്തിനു സമ്പാദിക്കുന്നു
ഒന്നുമല്ലെങ്കിലും
തമ്മിൽ കണ്ടു കൊണ്ട്


ISSN: 2582 - 2594

നമ്മൾ രണ്ടും ഒരു
പാത്രത്തിൽ ഉണ്ണാമല്ലോ
ഒരു പായ് വിരിച്ചൊന്നി
ച്ചുറങ്ങാമല്ലോ

ഇങ്ങനെ വികാരങ്ങളുടെ സത്യസന്ധമായ ആവിഷ്ക്കാരമാണ് ദുബായ് കത്തു പാട്ടിനെ ജനപ്രിയമാക്കിയത് മറുപടി. കത്തിൽ ഭാര്യയുടെ വാക്കുകൾ എത്രമാത്രം ഭർത്താവിൽ ആഴ്ന്നിറങ്ങി എന്ന് കാണാം. ഭർത്താവിന്റെ സഹനത്തിന്റെയും വേദനയുടെയും വാക്കുകൾ നോക്കുക: പ്രിയതമ ഹൃദയം പൊട്ടിയെഴുതിയ കത്ത് അയാളിലുണ്ടാക്കിയ ഞെട്ടൽ..

കരളിന്റെ ചുടുരക്ത
മഷിയിൽ മുക്കി
കത്തിന്റെ കതിർമാല
കോർത്തൊരുക്കി
വാക്കുകൾ കൂരമ്പായ്
കുത്തിത്തറയ്ക്കുന്നു
വാക്യങ്ങളൊരീർച്ച
വാളായറുക്കുന്നു.
വേദനയും കുമ്പസാരവും
അയാളുടെ വാക്കുകളിലെമ്പാടും
കാണാൻ കഴിയും
പെണ്ണിന്റെ ആവശ്യമറിയാത്തൊരു ഭർത്താവ്
പൊണ്ണൻ അവനാണവളുടെ
തെറ്റിന്റെ കർത്താവ്
എന്നും
മലക്കല്ല ഞാൻ എന്നത്
വല്ലാത്തൊരു വാക്കാണ്
മനസ്സിൽ വെടി പൊട്ടിച്ച
രൊരിട്ടക്കുഴൽ തോക്കാണ്
മാനാഭിമാനമുള്ള
പുരുഷന്റെ നേർക്കാണ്

ഇങ്ങനെ സങ്കടത്തിന്റെയും സംഘർഷത്തിന്റെ മരുക്കടലായി അയാളുടെ ജീവിതം ആവിഷ്ക്കരിക്കപ്പെടുന്നു. പച്ചയായ അനുഭവത്തിന്റെ ആവിഷ്ക്കാരമായി ദുബായ് കത്ത് മാറിയതുകൊ

ണ്ടാണ് അത് ജനപ്രിയമായത്. ചരിത്രത്തേയും കാലത്തേയും ചേർത്തുവച്ച് അനുഭൂതിയുടെ കലയാക്കി മാപ്പിളപ്പാട്ടിനെ മാറ്റി.

കുടുംബജീവിതത്തിൽ അടിയുറച്ചു വിശ്വസിക്കുകയും എന്നാൽ ഗൾഫ് പ്രവാസം മൂലം ഭാര്യയും ഭർത്താവും പിരിഞ്ഞു ജീവിക്കേണ്ടിവരികയും ചെയ്യുന്ന (അളവിൽ കുറഞ്ഞെങ്കിലും ഇന്നും തുടരുന്ന) വൈകാരികസാമൂഹിക പ്രശ്നത്തെ ഈ കത്തുപാട്ടുകളിലൂടെ അഭിസംബോധന ചെയ്യാനാണ് എസ്.എ. ജമീൽ ശ്രമിക്കുന്നത്.[8]

മാപ്പിളപ്പാട്ടു പോലുള്ള ഒരു കലാരൂപത്തിൽ വിലക്കപ്പെട്ടത് എന്നു കരുതുന്ന പ്രമേയമാണ് കത്തുപാട്ടിൽ ജമീൽ ആവിഷ്കരിച്ചത്. എസ്.എ. ജമീൽ അബുദാബിയിലെ സദസിനെ അഭിമുഖീകരിച്ചുപറഞ്ഞതുപോലെ 'സുഹൃത്തുക്കളെ എല്ലാവർക്കും വേണ്ടി ഒരു കത്ത് ഞാൻ കൊണ്ടുവന്നിട്ടുണ്ട്. നിങ്ങളുടെ ഭാര്യമാർ എഴുതിയ കത്ത്. അതെത്തിക്കുന്ന പോസ്റ്റ്മാൻ മാത്രമാണ്.[9] എല്ലാ ജനകീയ കലാകാരന്മാരും ഈ ദൗത്യമാണ് നിർവഹിക്കുന്നത്. ഹൃദയം തൊട്ട് അവതരിപ്പിക്കുക, കലയുടെ ഏക ലക്ഷ്യവുമാണ് അത്.'

### റഫറൻസ്


1. അപ്പുക്കുട്ടൻ നായർ ചമ്പക്കുളം, മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998, പുറം – 23
2. ഫൈസൽ എളേറ്റിൽ, മാപ്പിളപ്പാട്ടിന്റെ ജനകീയത (ലേഖനം), അറബി മലയാള സാഹിത്യ പഠനങ്ങൾ (എഡി. ടി. മൻസൂറലി) ലീഡ് ബുക്സ്, കോഴിക്കോട്, 2014, പുറം 101
3. കുട്ടി വി.എം, മാപ്പിളപ്പാട്ടിന്റെ തായ് വേരുകൾ, തൃശൂർ, 2007, പുറം.56
4. ബാബു ഭരദ്വാജ്, പ്രവാസിയുടെ കുറിപ്പുകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2013, പുറം 146
5. ഫൈസൽ എളേറ്റിൽ, മാപ്പിളപ്പാട്ടിന്റെ ജനകീയത (ലേഖനം) അറബി മലയാള സാഹിത്യ പഠനങ്ങൾ, (എഡി.ടി. മൻസൂറലി), ലീഡ്ബുക്സ്, കോഴിക്കോട്, 2014, പുറം 101
6. കെ.ഇ.എൻ, എസ്.എ ജമീലിന്റെ തെരഞ്ഞെടുത്ത കൃതികൾ (ആമുഖപഠനം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2010, പുറം 10
7. മുഹമ്മദ് എൻ.പി, കുരിശു പേറുന്ന യുവാക്കൾ (ലേഖനം), എസ്.എ. ജമീലിന്റെ തെരഞ്ഞെടുത്ത കൃതികൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2010, പുറം 128
8. മുസഫർ അഹമ്മദ്.വി, അവർ കണ്ണീരും സ്വപ്നങ്ങളും പങ്കുവച്ചതെങ്ങനെ (ലേഖനം, 1921–2021– കേരള മുസ്ലിംങ്ങൾ നൂറ്റാണ്ടിന്റെ ചരിത്രം (ചീഫ് എഡി.കെ.ഇ.എൻ) വചനം ബുക്സ്, കോഴിക്കോട്, 2021, പുറം 824
9. ഒറ്റയ്ക്കൊരു സിംഫണി, നിശാഗന്ധി സ്ലോഗ് സ്പോട്ട്. കോം, സെപ്റ്റംബർ 28 2013. : http// nisagandhiblogspot.com 2013/09/blogspot_5500html


 ISSN: 2582 - 2594